# വാർഷിക റിപ്പോർട്ട് 2009-10

1) കമ്മീഷന്റെ ഭരണഘടന

സമൂഹത്തിൽ പിന്നോക്കം നില്ക്കുന്നവരെ മറ്റു പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും മറ്റു പിന്നോക്ക വിഭാഗക്കാരുടെ പട്ടികയിൽ ഏതെങ്കിലും മറ്റു പിന്നാക്ക വിഭാഗത്തെ കൂടുതലായി ഉൾപ്പെടുത്തിയെന്നോ ഉൾപ്പെടുത്തിയത് കുറഞ്ഞുപോയെന്നോ ഉള്ള പരാതികൾ സ്വീകരിക്കുന്നതിനും അവ പരിശോധിച്ച് ഉപദേശം സർക്കാരിനു നൽകുന്നതിനും വേണ്ടി 1993-ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ആക്ട് പ്രകാരം (1993-ലെ ആക്ട് 11) രൂപീകരിച്ചിട്ടുള്ളതാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ. അനുബന്ധം ക ആയി ആക്ട് ഉൾപ്പെടുത്തിയിരിക്കുന്നു. ഈ നിയമത്തിന് ഒരു ഭേദഗതി 2000-ലെ ആക്ട് 10 അനുസരിച്ച് വരുത്തിയിട്ടുള്ളതും ആയത് 18.01.2000-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാകുന്നു. ( അനുബന്ധം II ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)

2) കമ്മീഷന്റെ ഘടന

ആക്ടിലെ മൂന്നാം വകുപ്പ് പ്രകാരം കമ്മീഷന്റെ അദ്ധ്യക്ഷൻ സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജിയോ ആയിരുന്ന വ്യക്തിയും, കമ്മീഷൻ മെമ്പർ സെക്രട്ടറി പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് സെക്രട്ടറിയും. രണ്ട് അംഗങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക പരിജ്ഞാനം ഉള്ളവരും ആണ്. റിപ്പോർട്ടു വർഷം കമ്മിഷനിൽ ഒരംഗം മാത്രമേ ഉണ്ടായിരുന്നുള്ളു.

3) കമ്മീഷന്റെ അദ്ധ്യക്ഷനായി റിട്ട. ജസ്റ്റിസ് ജി. ശിവരാജൻ 28.01.2008 മുതൽ സേവനമനുഷ്ഠിച്ചു വരുന്നു.

ശ്രീ. മുല്ലൂർക്കര മുഹമ്മദ് അലി സക്കാഫി കമ്മീഷൻ മെമ്പറായി 10.04.2008 മുതൽ തുടർന്നു വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി ശ്രീ. വി.ആർ. പത്മനാഭൻ ഐ.എ.എസ് മെമ്പർ സെക്രട്ടറിയായി ചുമതല നിർവഹിച്ചു വരുന്നു.

4) അധികാരങ്ങളും ജീവനക്കാരും

കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും കെ.എസ്.സി.ബി.സി നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം

സർക്കാർ അനുവദിച്ചിട്ടുണ്ട്. സർക്കാർ അഡീഷണൽ സെക്രട്ടറി ശ്രീമതി. വാസന്തി കമ്മീഷന്റെ രജിസ്ട്രാർ ആയി റിപ്പോർട്ടു വർഷം സേവനമനുഷ്ഠിച്ചു.

5) <u>ധനം</u>

കെ.എസ്.സി.ബി.സി ആക്ട് 12-ാം വകുപ്പ് പ്രകാരം കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ തുക സർക്കാർ ഗ്രാന്റ് ആയി കമ്മീഷനു നൽകുന്നു.

2009-2010 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ കമ്മീഷനു സഹായ ധനമായി വകകൊള്ളിച്ചിരുന്ന 72,60,000/- രൂപ അനുവദിക്കുകയും അത് കമ്മീഷന്റെ ആവശ്യങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തു.

6) <u>കമ്മീഷന്റെ അക്കൗണ്ടും ആഡിറ്റും</u>

കെ.എസ്.സി.ബി.സി ആക്ടിലെ വകുപ്പ് 13 (2) പ്രകാരം കമ്മീഷന്റെ അക്കൗണ്ട്സ് ഇന്ത്യൻ കംപ്ട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ തീരുമാന പ്രകാരം ഓരോ കാലയളവിലും ആഡിറ്റ് നടത്തി വരുന്നുണ്ട്. 20082009 കാലയളവ് വരെ ആഡിറ്റ് നടത്തിയിട്ടുണ്ട്.

7) <u>കമ്മീഷന്റെ ആസ്ഥാനം</u>

കമ്മീഷന്റെ ഓഫീസ് 26.11.2009 വരെ തിരുവനന്തപുരത്തു് പ്ലാമൂടിലും 27.11.2009 മുതൽ വെള്ളയമ്പലം കനകനഗറിൽ അയ്യങ്കാളി ഭവനിലും പ്രവർത്തിച്ചു വരുന്നു.

8) <u>പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ</u>

<u>റിപ്പോർട്ടു് വർഷം കമ്മീഷന് 36 അപേക്ഷകൾ</u> ലഭിച്ചു. അവയുടെ ലിസ്റ്റു് അനുബന്ധം കകക ആയി ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അപേക്ഷകളിൽ 6 എണ്ണം കമ്മീഷന്റെ പരിധിയിൽപ്പെടുന്നതായിരുന്നില്ല. ആ വിവരം സർക്കാരിനെ യഥാസമയം അറിയിച്ചിട്ടുണ്ട്.

2009-2010 വർഷത്തിൽ തിരുവനന്തപുരത്തു കമ്മിഷൻെറ ആഫീസിൽ വച്ച് 02.04.2009, 22.04.2009, 13.05.2009, 27.05.2009, 03.06.2009, 18.06.2009, 02.07.2009, 07.07.2009, 16.07.2009, 04.08.2009, 19.08.2009, 28.08.2009, 16.09.2009, 6.10.2009, 20.10.2009, 05.11.2009, 18.11.2009, 3.12.2009, 05.01.2010, 19.01.2010, 04.02.2010, 24.02.2010, 08.03.2010,

23.03.2010 എന്നീ തീയതികളിലായി 24 സിറ്റിംഗുകളും 12.11.2009-ൽ പാലക്കാടും 10.02.2010-ൽ എറണാകുളത്തു വച്ചും സിറ്റിംഗുകളും നടത്തുകയുണ്ടായി. പ്രസ്തുത സിറ്റിംഗുകളിൽ കമ്മിഷനു ലഭിച്ച പരാതികളിൽമേൽ തെളിവെടുപ്പു നടത്തുകയുണ്ടായി. റിപ്പോർട്ടു വർഷം രണ്ടു കേസ്സുകളിന്മേലുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അവയുടെ വിശദവിവരം അനുബന്ധം കഢ ആയി ചേർത്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ കമ്മിഷൻ സമർപ്പിച്ചിട്ടുള്ള ഉപദേശത്തിൻമേൽ 20092010 വർഷത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളവയുടെ വിശദവിവരം ചുവടെ ചേർത്തിട്ടുണ്ട്.

| കമ്മിഷന്റെ ഉപദേശം | സർക്കാർ സ്വീകരിച്ച നടപടി |
|---|---|
| 1. പണ്ടാരൻ വിഭാഗത്തെ ഒ.ബി.സി-യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം (നം. 343/സി/07/കെ.എസ്.സി.ബി.സി തീയതി 04.02.2009) | 1. പണ്ടാരൻ വിഭാഗത്തെ ഒ.ബി.സി വിഭാഗമായി കണക്കാക്കണമെന്ന കമ്മീഷന്റെ ഉപദേശം അംഗീകരിച്ച് സർക്കാർ ഉത്തരവായി. (ജി.ഒ (എം.എസ്സ്) നം. 63/09/പജപവവിവ തീയതി. 21.08.2009) |
| 2.സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് പാലൊളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ദഖ്നി, കച്ചിമെമൻ എന്നീ വിഭാഗങ്ങൾക്ക് ഒ.ബി.സി സംവരണം നൽകണമെന്നുള്ള ശുപാർശ സംബന്ധിച്ച് (നം. 1011/സി/08/കെ.എസ്.സി.ബി.സി തീയതി 13.01.2009) | 2. ദഖ്നി, കച്ചിമെമൻ വിഭാഗങ്ങളെ മുസ്ലീം വിഭാഗമായി അംഗീകരിക്കണമെന്ന കമ്മിഷന്റെ ഉപദേശം അംഗീകരിച്ച് സർക്കാർ ഉത്തരവായി. (ജി.ഒ. (എം.എസ്സ്) നം. 64/09/പജപവവിവ തീയതി. 21.08.2009) |
| 3. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹിന്ദു നാടാർ/ എസ്.ഐ.യു.സി. നാടാർ വിഭാഗങ്ങൾക്ക് സംവരണ ശതമാനം നിശ്ചയിക്കുന്നത് സംബന്ധിച്ച് (നം. 86/സി/07/കെ.എസ്.സി.ബി.സി തീയതി. 20.02.2009) | 3. ഹിന്ദു നാടാർ/എസ്.ഐ.യു.സി വിഭാഗങ്ങൾക്കുള്ള സംവരണ ശതമാനം നിശ്ചയിച്ചുകൊണ്ട് കമ്മിഷൻ നൽകിയ ഉപദേശം അംഗീകരിച്ച് സർക്കാർ ഉത്തരവായി. (ജി.ഒ (എം.എസ്സ്) നം. 104/09/പജപവ |

31.03.2010 വരെ തീരുമാനമാകാതെ കമ്മിഷനിൽ ശേഷിക്കുന്ന കേസുകളുടെ വിവരം അനുബന്ധം ഢ -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

9) <u>ജനറൽ</u>

റിപ്പോർട്ട് വർഷം സർക്കാരിന് കമ്മിഷൻ നൽകിയിട്ടുള്ള ഉപദേശം സ്വീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചതിൽ കമ്മിഷന് സന്തുഷ്ടിയുണ്ട്. ഫീൽഡ് സ്റ്റഡി നടത്തുന്നതിന് കോഴിക്കോട് കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിട്ടുള്ള കേസുകളിൽ റിപ്പോർട്ട് ലഭിക്കാത്തതിനാൽ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ആ കേസുകൾ തീർപ്പു കൽപ്പിക്കാൻ സാധിക്കുകയുള്ളു.

രജിസ്ട്രാർ